
വിശ്വാസവീരന്മാർ - സണ്ടേസ്കൂൾ
പ്രത്യേക പതിപ്പ്
യൂണിറ്റ് 1
കുട്ടികളുടെ പുസ്തകം
11911
യൂണിറ്റ് 1
എളുപ്പമുള്ളത്
കുട്ടികളുടെ പുസ്തകം

# വിശ്വാസവീരന്മാർ

സണ്ടേസ്കൂൾ

## സ്വാഗതം

നമ്മൾ എബ്രായർ 11 –ൽ കാണുന്ന വിശ്വാസ വീരന്മാരെപ്പറ്റി മനസ്സിലാക്കുവാനും നമ്മുടെ ഭൌമീക ജീവിതത്തേക്കാൾ ആത്മീക ജീവിതം പ്രാധാന്യമായിരിക്കുമ്പോൾ എങ്ങനെ ഒരു വിശ്വാസജീവിതം നയിക്കുവാൻ കഴിയുമെന്ന് പഠിക്കുവാനും....

ദൈവത്തിൽ വിശ്വാസം അർപ്പിച്ച, ദൈവത്തോട് സംസാരിച്ച അവനുവേണ്ടി ജീവിച്ച പഴയനിയമത്തിലെ സ്ത്രീ പുരുഷന്മാരെ നാം കാണുവാൻ പോകുന്നു. അവർ നമുക്ക് മാതൃക ആണ്. ചില സമയങ്ങളിൽ ആളുകൾ ചെയ്ത നല്ല കാര്യങ്ങളിൽ നിന്നും മറ്റു ചില സമയങ്ങളിൽ അവരിൽ ഉണ്ടായ തെറ്റുകളിൽ നിന്നും നമുക്ക് പലതും പഠിക്കുവാൻ കഴിയും..


ദൈവത്തിലുള്ള വിശ്വാസത്തെക്കുറിച്ച് സംസാരിക്കുവാൻ ആരംഭിക്കുമ്പോൾ അതിനെ നിർവചിക്കുന്നതിന് നമുക്ക് തുടക്കമിടാം. എന്താണ് വിശ്വാസം എന്ന് നിങ്ങൾക്കറിയാമോ. ഈ പഠനത്തെ കേന്ദ്രീകരിച്ചുള്ള പ്രധാന വാക്യം എബ്രായർ 11:1 ആണ്.

ദൈവത്തിലുള്ള വിശ്വാസത്തെക്കുറിച്ച് സംസാരിക്കുവാൻ ആരംഭിക്കുമ്പോൾ അതിനെ നിർവചിക്കുന്നതിന് നമുക്ക് തുടക്കമിടാം. എന്താണ് വിശ്വാസം എന്ന് നിങ്ങൾക്കറിയാമോ. ഈ പഠനത്തെ കേന്ദ്രീകരിച്ചുള്ള പ്രധാന വാക്യം എബ്രായർ 11:1 ആണ്.

## മന:പാഠ വാക്യം

'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു." എബ്രായർ 11:1

ബൈബിൾ ഒരു വലിയ പുസ്തകം ആണെങ്കിലും എല്ലാ ക്രിസ്ത്യാനികൾക്കും വളരെ പ്രധാനപ്പെട്ട ഒരു പുസ്തകമാണ്. ബൈബിൾ നിങ്ങൾ എത്ര പേർ പൂർണ്ണമായി വായിച്ചിട്ടുണ്ട്. ബൈബിൾ സംഭവങ്ങൾ എവിടെ, എന്തൊക്കെ സംഭവിച്ചു എന്നറിയാതെ ബൈബിളിനെ ഒഴിവാക്കാനും സന്ദേഹം ഉളവാക്കുന്ന അത്രയും ബൃഹത്തായ ഒരു പുസ്തകമാണ് അത്. ഇതിനു നിങ്ങളെ സഹായിക്കുന്നതിനു എബ്രായർ 11-ലെ കാര്യങ്ങൾ മാത്രമല്ല പഴയ നിയമത്തിലെ ചില കഥകൾ പുനരവലോകനം ചെയ്യുവാൻ പോകുന്നു. എല്ലാ കാര്യങ്ങളും നമ്മുടെ ആത്മീക ജീവിതത്തിൽ പ്രയോഗത്തിലാക്കും. പഴയനിയമത്തിലെ പുസ്തകങ്ങളുടേയും പ്രധാനപ്പെട്ട ദൈവദാസന്മാരുടെയും പേരുകളും ക്രമപ്രകാരമുള്ള ചരിത്ര സംഭവങ്ങളും പഠിക്കുന്നതിനാൽ ദിവസങ്ങളും സംഭവങ്ങളും തമ്മിലുള്ള ആശയക്കുഴപ്പങ്ങൾ ഒഴിവാകും. പഴയ നിയമം പഠിക്കുന്നതിന്റെ പ്രാധാന്യതയുള്ള പ്രധാന കാരണം നമ്മുടെ ദൈനംദിന ജീവിതത്തിനു നേരിട്ട് പ്രയോജനപ്പെടുന്ന അതിശയിപ്പിക്കുന്ന കഥകളും നിർദ്ദേശങ്ങളും അതിൽ ഉൾക്കൊള്ളുന്നു എന്നതിനാൽ ആണ്.



## ദൈവത്തിൽ വിശ്വസിക്കുക

**സൃഷ്ടി: ഉല്പത്തി 1:1-2:3, എബ്രായർ 11:1-3**

### മന:പാഠ വാക്യം

"വിശ്വാസം എന്നത് നാം പ്രത്യാശിക്കുന്നതിനെക്കുറിച്ചുള്ള ഉറപ്പും, അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള നിശ്ചയവുമാണ്." വിശ്വാസം 11:1

ഒളിപ്പിച്ചുവെച്ചിട്ടുള്ള 6 വസ്തുക്കൾ കണ്ടുപിടിക്കുക. പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.





### ഗൃഹപാഠം

ദൈവം സൃഷ്ടിയുടെ ആദ്യ ആഴ്ചയിൽ ചെയ്ത കാര്യങ്ങളുടെ സെൽഫി എടുക്കുകയോ ലഘുചിത്രം വരയ്ക്കുകയോ ചെയ്യുന്നതാണ് ഈ ആഴ്ചയിലെ നിങ്ങളുടെ അസൈന്മെന്റ്.

തിങ്കൾ: ഒരു സെൽഫി/രാത്രിയിലെയും പകലിലേയും ചിത്രങ്ങൾ വരയ്ക്കുക.

ചൊവ്വ : ഒരു സെൽഫി/സാധ്യമെങ്കിൽ ആകാശം, സമുദ്രം, തടാകം, അല്ലെങ്കിൽ നദി എന്നിവയുടെ ചിത്രം വരയ്ക്കുക.

ബുധൻ: ഒരു സെൽഫി/ ചെടികളും മരങ്ങളും വരയ്ക്കുക

വ്യാഴം : ഒരു സെൽഫി/ സൂര്യ, ചന്ദ്ര, നക്ഷത്രാദികളെ വരയ്ക്കുക

വെള്ളി: ഒരു സെൽഫി/ സാധ്യമെങ്കിൽ മത്സ്യങ്ങളേയും, പക്ഷികളിൽ ഒന്നിനെയും വരയ്ക്കുക

ശനി: ഒരു സെൽഫി/ മൃഗങ്ങളേയും മനുഷ്യനേയും വരയ്ക്കുക

ഞായർ: ഗൃഹപാഠംത്തിനു ഒരു ഇടവേള എടുക്കുന്നു

# യൂണിറ്റ് 2

## നിന്റെ ഹൃദയം അവനു നല്കുക

ഹാബേൽ: ഉല്പത്തി 4:1-6, എബ്രാ 11:4

### മന:പാഠ വാക്യം

“നിൻറെ ദൈവമായ സർവേശ്വരനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടി സ്നേഹിക്കുക;” മർക്കോസ് 12:30

ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.





### ഗൃഹപാഠം

നിങ്ങളുടെ ഹൃദയത്തിൽ നിന്ന് ചിലത് നൽകുക എന്നതാണ് ഈ ആഴ്ചത്തെ നിങ്ങൾക്കുള്ള അസൈന്മെന്റ്. നാം മറ്റുള്ളവർക്ക് ചെയ്യുന്നതെല്ലാം യേശുവിനു വേണ്ടിയാണ് ചെയ്യുന്നത്(മത്തായി 25:40) അതിനാൽ മറ്റുള്ളവരെ സഹായിക്കുവാനും അവർക്ക് ആവശ്യമുള്ളവ നൽകുവാനും ഉള്ള അവസരങ്ങൾക്കായി യത്നിക്കുക. നിങ്ങളുടെ മാതാപിതാക്കളുടെ അനുവാദം ഇതിനു ഉണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്. അപകടകരമായ ഒരു കാര്യവും ചെയ്യുവാൻ ശ്രമിക്കരുത്. തിരികെ മറ്റെന്തെങ്കിലും ലഭിക്കും എന്ന് ചിന്തിച്ച് ഒന്നും ആർക്കും കൊടുക്കരുത്.

**യൂണിറ്റ് 3**

## ദൈവത്തെ പ്രസാദിപ്പിക്കുക


**ഹാനോക്ക്: ഉല്പത്തി 5:21-24, എബ്രായർ 11:5-6**

### മന:പാഠ വാക്യം

"യേശു പ്രതിവചിച്ചു: "എന്നെ സ്നേഹിക്കുന്ന ഏതൊരുവനും എൻറെ വചനം അനുസരിക്കും. എൻറെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ വന്ന് അവനോടുകൂടി വാസമുറപ്പിക്കുകയും ചെയ്യും." യോഹന്നാൻ 14:23



ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക. പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.



### ഗൃഹപാഠം

പുതിയനിയമത്തിൽ നിന്ന് ചില കഥകൾ വായിക്കുകയും യേശു നിങ്ങളോടൊപ്പം നടക്കുന്നത് വീക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ ആഴ്ചയിലെ നിങ്ങളുടെ അസൈന്മെന്റ്. അവനോടു ആവശ്യപ്പെട്ട പ്രകാരം നിങ്ങളെയോ മറ്റുള്ളവരേയോ സഹായിച്ചു എന്നു നിങ്ങൾ ചിന്തിക്കുന്ന സമയങ്ങൾ എഴുതുക. ചിലപ്പോൾ അവൻ നിങ്ങൾക്ക് ചില ആശയങ്ങളും തരും. യേശു തന്ന ആ ആശയങ്ങൾ നിങ്ങൾ കുറിച്ച് വക്കുക. നിങ്ങൾ എഴുതുന്ന ആശയങ്ങൾ ബൈബിളുമായി ചേർന്ന് പോകുന്ന ആശയങ്ങളും അഭിപ്രായങ്ങളും ആണോ എന്നു അദ്ധ്യാപകരൊത്ത് പരിശോധിക്കുക.

# യൂണിറ്റ് 4


## ദൈവത്തെ അനുസരിക്കുക

നോഹ: ഉല്പത്തി 6:9-17 എബ്രായർ 11:7

### മന:പാഠ വാക്യം

"എന്നാൽ നിങ്ങൾ വചനം കേൾക്കുകമാത്രം ചെയ്തു് സ്വയം വഞ്ചിക്കാതെ അതു പ്രാവർത്തികമാക്കണം." യാക്കോബ് 1:22

ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.





### ഗൃഹപാഠം

നിങ്ങൾ ചെയ്യുവാൻ ദൈവം ആഗ്രഹിക്കാത്ത കാര്യം ചെയ്വാൻ പ്രലോഭിപ്പിക്കപ്പെട്ടതും എന്നാൽ ദൈവത്തെ പിന്തുടരുവാൻ നിങ്ങൾ തീരുമാനിച്ചതുമായ ഒന്നോ അതിലധികമോ സമയങ്ങൾ രേഖപ്പെടുത്തുക എന്നതാണ് ഈ ആഴ്ചയിലെ നിങ്ങൾക്കുള്ള അസൈന്മെന്റ്.

# യൂണിറ്റ് 5

## പരീക്ഷയിൽ വിജയി ആകുക

**അബ്രഹാം: ഉല്പ: 12:1-7, 15:1-6, 21:1-3, 22:1-19, എബ്രാ. 11:8-19**

### മന:പാഠ വാക്യം

"പരീക്ഷണങ്ങൾ നേരിടുമ്പോൾ ഉറച്ചു നില്ക്കുന്നവൻ അനുഗ്രഹീതൻ; എന്തെന്നാൽ പരീക്ഷണങ്ങളെ അതിജീവിക്കുന്നവന്, തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള ജീവകിരീടം ലഭിക്കും." യാക്കോബ് 1:12



ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.



### ഗൃഹപാഠം

നിങ്ങൾക്ക് നിങ്ങളുടെ ജീവിതത്തിൽ ചെയ്യുവാൻ കഴിയുന്നവയും നിങ്ങളുടെ സ്വപ്നങ്ങളും എഴുതുക എന്നതാണ് ഈ ആഴ്ചത്തെ നിങ്ങൾക്കുള്ള അസൈന്മെന്റ്. വലിയ സ്വപ്നങ്ങൾ കാണാൻ ഭയപ്പെടേണ്ടതില്ല. അത് നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒന്നായിരിക്കാം. ബഹിരാകാശ യാത്രികൻ ആകുക, ഒരു നീന്തൽ താരം, ഒരു പട്ടാളക്കാരൻ, ഒരു ഡോക്ടർ, ഒരു ബിസിനസുകാരൻ അങ്ങനെ പലതും വലിയ സ്വപനങ്ങൾ കാണുക. നിങ്ങളുടെ ദൈവം വലിയവൻ ആണ്, ദൈവത്തിനുവേണ്ടി ഉപേക്ഷിക്കേണ്ട എന്തെങ്കിലും ഉണ്ടെങ്കിൽ ദൈവത്തോട് ചോദിച്ച് നിങ്ങളുടെ അദ്ധ്യാപകനോട് അഭിപ്രായം ചോദിച്ച് ഈ ആഴ്ചയിൽ അത് ചെയ്യുക.

# യൂണിറ്റ് 6


## ആത്മീയമായി വിലമതിക്കുക


യിസ്ഹാക്ക്: ഉല്പത്തി 25:19 -34, 27:1-40, എബ്രായർ 11:20

### മന:പാഠ വാക്യം

"ഒരുവൻ സർവലോകവും നേടിയാലും തൻറെ ജീവൻ നഷ്ടപ്പെടുത്തിയാൽ അവന് എന്താണ പ്രയോജനം?" മർക്കോസ് 8:36

ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.





### ഗൃഹപാഠം

നിങ്ങളുടെ ജീവിതത്തിൽ വളർച്ച ലഭിക്കത്തക്ക വിധത്തിലുള്ള ജന്മാവകാശത്തെക്കുറിച്ച് എഴുതുന്നതാണ് ഈ ആഴ്ച്ചത്തെ നിങ്ങളുടെ അസൈന്മെന്റ്.

ആദ്യമായി നിങ്ങളുടെ കുംബത്തിലെ ജന്മാവകാശം ഒന്നുമില്ലാത്തതാണെന്ന് ചിന്തിക്കരുത്. അതിനു വലിയ വില ഉണ്ട്. അത് ചിലപ്പോൾ ഒരു മെക്കാനിക്ക് ആയോ എഞ്ചിനിയർ ആയോ നേഴ്സ് ആയോ ആകാം. നിങ്ങളുടെ അയല്പക്കത്തോ രാജ്യത്തിനോ ഒരു വ്യത്യസ്ഥത ഉണ്ടാക്കി എടുക്കാൻ നിങ്ങൾക്ക് കഴിയും. എന്നാൽ നിങ്ങളുടെ ആത്മീയ ജന്മാവകാശത്തെക്കുറിച്ച് കൂടി എഴുതുക. നിങ്ങൾ ദൈവത്തിന്റെ പൈതലും പ്രതാപമുള്ള കുടുംബാംഗവുമാണ്; നിങ്ങൾക്ക് പ്രത്യേക കഴിവുകളും ആഗ്രഹങ്ങളും ദൈവം തന്നിട്ടുണ്ട്. നിങ്ങളുടെ ആത്മീക കുടുംബത്ഹ്ടിൽ വിജയം കൊണ്ടുവരാൻ ദൈവത്തിനു അതിലൂടെ പ്രവർത്തിക്കുവാൻ കഴിയും. നിങ്ങൾക്ക് ഇത് നിങ്ങളുടെ അദ്ധ്യാപകനെ കാണിക്കാൻ കഴിയും എന്നാൽ അങ്ങനെ ചെയണമെന്നു നിർബന്ധമില്ല. നിങ്ങളുടെ ഹൃദയം ദൈവത്തിനു വിലയേറിയതാണ്.

# യൂണിറ്റ് 7

## ദൈവത്തിന്റെ അനുഗ്രഹം


**യാക്കോബ്: ഉല്പത്തി 27:41-28:2, 28:10-15, 28:20-22, 31:3-13, 31:22-24, 32:9-12, 32:22-30, 33:1-11, 35:1-5, എബ്രായർ 11:21**

### മന:പാഠ വാക്യം

"അപ്പോൾ യേശു അരുൾചെയ്തു: "ദൈവവചനം കേൾക്കുകയും അതനുവർത്തിക്കുകയും ചെയ്യുന്നവരത്രേ സാക്ഷാൽ അനുഗ്രഹീതർ. " ലൂക്കോസ് 11:28



ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.



### ഗൃഹപാഠം

ഈ ആഴ്ചയിലെ നിങ്ങളുടെ അസൈന്മെന്റ് കഴിഞ്ഞ 2 ആഴ്ചകളിൽ നിങ്ങൾ ചിന്തിച്ചതും എഴുതിയതുമായ കാര്യങ്ങൾ ഓർക്കുക എന്നുമാണ്. നിങ്ങളുടെ സ്വപ്നങ്ങളും നിങ്ങളുടെ ജന്മാവകാശങ്ങളും അവയെക്കുറിച്ച് വീണ്ടും ചിന്തിക്കുക, ചില കാര്യങ്ങൾ ചെയ്ത് അവയെ നശിപ്പിക്കുവാൻ എങ്ങനെ കഴിയുമെന്ന് കൂടി ചിന്തിക്കുക. നിങ്ങൾ വീട്ടിൽ ഒരു വഴക്കാളി ആണെങ്കിൽ അത് നിങ്ങളുടെ ജനമാവകാഷത്തെ സാരമായി ബാധിക്കാൻ ഇടയുണ്ട്. നിങ്ങളുടെ സ്വപനം ഡോക്ടറോ എഞ്ചിനീയറോ ആണെങ്കിൽ സ്കൂളിൽ ശരിയായി പഠിക്കാതിരുന്നാൾ ആ സ്വപ്നത്തെ നിങ്ങൾക്ക് നശിപ്പിക്കാൻ കഴിയും. നല്ല ആരോഗ്യമാണ് നിങ്ങളുടെ സ്വപ്നമെങ്കിൽ പുകവലിച്ചും ലഹരി ഉപയോഗിച്ചും മദ്ധ്യം ഉപയോഗിച്ചും ആ സ്വപ്നത്തെ നിങ്ങൾക്ക് തകർക്കാൻ കഴിയും. എങ്ങനെയാണ് ജീവിക്കേണ്ടതെന്നും നിങ്ങളുടെ സ്വപ്നത്തേയും ജന്മാവകാശത്തെയും സ്വായത്തമാക്കി എങ്ങനെ ജീവിക്കാമെന്ന് എഴുതുക.


# യൂണിറ്റ് 8

## ദൈവത്തിൽ വിശ്വസിക്കുക

**യോസേഫ്: ഉല്പത്തി** 37:2-11, 37:17-36, 39:1-41:13, 41:14-16, 41:28-40, 41:56-42:5, 45:1-15, 47:5, എബ്രായർ 11:22

### മന:പാഠ വാക്യം

“നന്മ ചെയ്യുന്നതിൽ നാം ക്ഷീണിച്ചു പോകരുത്; ക്ഷീണിക്കാതിരുന്നാൽ യഥാകാലം അതിൻറെ വിളവെടുക്കാം.” ഗലാത്യർ 6:9



ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.



### ഗൃഹപാഠം

ഈ ആഴ്ചത്തെ നിങ്ങളുടെ അസൈന്മെന്റ് ആളുകളോട് ക്ഷമിക്കുക എന്നതാണ്. മോശമായ പെരുമാറ്റം നമ്മിൽ എല്ലാവരും അനുഭവിച്ചിട്ടുണ്ട്. നമുക്ക് അതിനെക്കുറിച്ച് കോപം വന്ന് പകരം വീട്ടുവാൻ ആഗ്രഹിക്കയോ അല്ലെങ്കിൽ അവരോടു ക്ഷമിക്കുന്നത് തിരഞ്ഞെടുത്ത് ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യാം. ഈ ആഴ്ചയിൽ നിങ്ങളെ ചിലർ വിഷമിപ്പിച്ചു എന്നു നിങ്ങൾ ചിന്തിക്കുമ്പോൾ ഞാൻ അവരോടു ക്ഷമിക്കുന്നു എന്നും ചിന്തിക്കുക. നിങ്ങളത് ആ ആളോട് പറയണമെന്നില്ല നിങ്ങൾ തനിയെ ആയിരിക്കുമ്പോൾ നിങ്ങൾക്ക് അതുറക്കെ പ്രസ്താവിക്കാം. നിങ്ങൾക്കുള്ള കോപത്തിൽ നിന്ന് അത് നിങ്ങളെ വിടുവിക്കയും വീണ്ടും സമാധാനമായി ഇരിക്കുവാൻ കഴിയുകയും ചെയ്യും. ദൈവം നമ്മോടു എല്ലാവരോടും ക്ഷമിച്ചതിനാൽ നിങ്ങളും സ്വർഗീയ പിതാവിനെപ്പോലെ ആണ്. എത്രയും കൂടുതൽ നിങ്ങൾ മറ്റുള്ളവരോട് ക്ഷമിക്കുന്നുവോ അത്രയും സ്വാതന്ത്ര്യം നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും.

# യൂണിറ്റ് 9

## പാപത്തെ പിന്നിൽ ഉപേക്ഷിക്കുക


**Moisés: Éxodo 1:1-2:15, 3:1-12, 4:10-17, (7:8-13:42), 14:5-31, Hechos 7:20-34, Hebreos 11:23-29**

### മന:പാഠ വാക്യം

“ഹീനമായതെല്ലാം നീക്കി തന്നെത്തന്നെ വെടിപ്പാക്കുന്നവൻ മാന്യമായ ഉപയോഗത്തിനു പറ്റിയ പാത്രമായിരിക്കും. അത് ദൈവികകാര്യങ്ങൾക്കായി മാറ്റിവയ്ക്കപ്പെടുന്നതും ഗൃഹനായകന് ഉപയോഗപ്രദവും ഏതു ശ്രേഷ്ഠകാര്യത്തിനുംവേണ്ടി സജ്ജമാക്കപ്പെട്ടതും ആയിരിക്കും.” 2 തിമൊഥെയോസ് 2:21

ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.





### ഗൃഹപാഠം

നിങ്ങൾ പാപം ചെയ്യുമ്പോൾ എങ്ങനെ പ്രാർത്ഥിക്കണം എന്നതാണ് നിങ്ങളുടെ അസൈന്മെന്റ്. ഒളിക്കുകയോ അതിനെക്കുറിച്ച് കള്ളം പറയുകയോ ചെയ്യുന്നത് മറ്റൊരു പാപമാണ്. ഞാൻ അത്ര നല്ല മനുഷ്യനല്ല അതുകൊണ്ട് ഇതോ അതോ ചെയ്യുന്നതിന് അനുവാദം എനിക്കില്ല എന്നു പറഞ്ഞ് നിരാശയോടുകൂടെ പറഞ്ഞ നമ്മെ തന്നെ ശിക്ഷിക്കാറുണ്ട്. എന്നാൽ ഏറ്റവും നല്ല പ്രതികരണം, നാം പാപം ചെയ്തു എന്നു ഏറ്റുപറഞ്ഞു ആ പാപത്തിനു യേശുവിനോട് ക്ഷമ യാചിക്കയാണ് നിങ്ങളുടെ പാപത്തെ ഓർത്ത് നിരാശപ്പെട്ട് പോകുന്നതിനു ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. സ്വതന്ത്രനായി മറ്റുള്ളവർക്ക് പ്രോത്സാഹനം ആകുന്ന വിധത്തിൽ അവൻ അത് ക്ഷമിക്കുവാൻ ആഗ്രഹിക്കുന്നു.

## അത് നിങ്ങൾക്ക് കഴിയും

**കാലേബ്: സംഖ്യാ. 13:1-3, 13:17-14:9, 14:7-24, 14:30-45**

### മന:പാഠ വാക്യം

"എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തിപ്രാപിച്ച്, യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും എന്നല്ല ഭൂമിയുടെ അറുതിവരെയും എൻറെ സാക്ഷികളായിത്തീരും." അപ്പോ. പ്രവൃത്തികൾ 1:8

ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.





### ഹപാഠം

നിങ്ങളുടെ ജീവിതത്തിൽ ആരൊക്കെ അത് നല്ല കാര്യമാണെന്ന് അംഗീകരിക്കുമെന്ന് ചിന്തിക്കുക. ആ ആളുകളാണ് നിങ്ങളോടൊപ്പം കൂടുതൽ സമയം ചിലവഴിക്കാൻ ആഗ്രഹിക്കുന്നത്. അവയിൽ ചിലത് മാറ്റം വരുത്തുവാൻ ഓരോടിവസം നിങ്ങൾക്ക് എങ്ങനെ കഴിയുമെന്ന് ചിന്തിച്ച് കൂടുതൽ സമയം ആ കൂട്ടുകാരോടൊത്ത് ചിലവഴിക്കുവാൻ കഴിയും. നിങ്ങൾക്ക് അല്പം വിശ്വാസമുണ്ട്. വെള്ളം ചെടിക്ക് വളരുവാൻ സഹായകരമാകുന്നത് പോലെ ഇത് നിങ്ങളുടെ വിശ്വാസത്തെ വളർത്തുവാൻ സഹായിക്കും

## യൂണിറ്റ് 11

## അതിനെക്കുറിച്ച് ചിന്തിക്കപോലും ചെയ്യരുത്.

**ബിലയാം: സംഖ്യാ 22:1-6, 22:9-38, 23:13-21, 24:10-13**

### മന:പാഠ വാക്യം

"മക്കളേ, നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുക; അതു ന്യായവും നിങ്ങളുടെ ക്രൈസ്തവ ധർമവുമാകുന്നു." എഫെസ്യർ 6:1

ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.





### ഗൃഹപാഠം

നിങ്ങൾ എതിർക്കുന്ന എന്തോ, നിങ്ങൾ ആഗ്രഹിക്കാത്തതാണ് എന്നാൽ ചെയ്യേണ്ടതുമായ എന്തോ നിങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നാൽ ചെയ്യാൻ പാടില്ലാത്തത്. അങ്ങനെയുള്ളവയെല്ലാം എഴുതുക എന്നതാണ് ഈ ആഴ്ചയിലെ നിങ്ങൾക്കുള്ള അസൈന്മെന്റ്. അത് ഈ ഗൃഹപാഠത്തെപ്പോലെ എളുപ്പമുള്ള അസൈന്മെന്റോ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങൾ ചെയ്യണമെന്ന് ആഗ്രഹിക്കുന്നവയോ ആകാം. നിങ്ങളുടെ ഹൃദയത്തിനും, കൂട്ടുകാർ, കുടുംബങ്ങൾ, ദൈവത്തെ സേവിക്കുന്നതിലുള്ള നിങ്ങളുടെ ഭാവി പ്രതീക്ഷകൾ എന്നിവയ്ക്ക് ഉണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് ചിന്തിക്കുക. അപ്പോൾ ദൈവത്തോട് യേശു നിന്റെ രാജാവാണെന്ന് പറഞ്ഞു ക്ഷമിക്കുവാനും ഹൃദയശുദ്ധീകരണത്തിനുമായി യേശുവിനോട് ആവശ്യപ്പെടാം. നിങ്ങളുടെ മത്സരബുദ്ധി ദൂരെമാറിയോ ഇല്ലയോ എന്നു കണ്ടുപിടിച്ച് നിങ്ങൾക്ക് ആവശ്യമുള്ള അത്രയും ആ പ്രാർത്ഥന ആവർത്തിക്കാം.

## യൂണിറ്റ് 12

## ദൈവത്തിന്റെ പക്ഷത്ത്


**യോശുവ: യോശുവ 1:1-11, 2:1-21, 3:14-4:7, 4:15-18, 5:10-6:11, 6:15, 6:20-25, എബ്രായർ 11:30-31**

### മന:പാഠ വാക്യം

“തന്നെ സ്വീകരിച്ച്, തൻറെ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവർക്കും ദൈവത്തിൻറെ മക്കൾ ആകുവാനുള്ള അധികാരം അവിടുന്നു നല്കി” യോഹന്നാൻ 1:12

ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.





### ഗൃഹപാഠം

ഈ ആഴ്ചത്തെ നിങ്ങളുടെ അസൈന്മെന്റ് ഒരു ഗ്രൂപ്പിന്റെ ഭാഗമാകാൻ നിങ്ങൾ ഒരു ക്രിസ്ത്യാനിയായി നടിക്കയാണോ അതോ യേശുവിനെ ശരിയായി വിശ്വസിക്കുന്നോ ഇത് ആദ്യത്തെ പ്രാവശ്യം ആണെങ്കിൽ, അതോ ഉറപ്പില്ലെങ്കിലോ യേശുവിൽ വിശ്വസിച്ച് ദൈവീക കുടുംബത്തിലെ ഒരംഗമായി ചെരുന്നതെങ്ങനെയെന്നു നിങ്ങളുടെ സണ്ടേസ്കൂൾ അദ്ധ്യാപകനോട് ചോദിക്കുക. നിങ്ങൾ യേശുവിനെ സ്വീകരിച്ചവനാണെങ്കിൽ അവരുടെ വസ്ത്രധാരണത്തെക്കുറിച്ചോ അവർ ഗയിമുകൾ നന്നായി കളിക്കുന്നതിനെക്കുറിച്ചോ നിങ്ങളിൽ നിന്ന് വ്യത്യസ്ഥരായവരോട് മാന്യമായി ഈ ആഴ്ചയിൽ സംസാരിക്കുക.

# യൂണിറ്റ് 13


## ഒന്നും കൈവശം വയ്ക്കരുത്

**ആഖാൻ: യോശുവ 6:17-19, 7:1-12, 7:20-8:7, 8:18-27**

### മന:പാഠ വാക്യം

“ദൈവം വാഗ്ദാനം നിറവേറ്റുന്നവനും നീതി പ്രവർത്തിക്കുന്നവനും ആകുന്നു; പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ അവിടുന്നു നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും നമ്മുടെ എല്ലാ അനീതികളും അകറ്റി നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും. 1 യോഹന്നാൻ 1:9


ഒളിച്ചുവക്കപ്പെട്ട 6 വസ്തുക്കൾ കണ്ടുപിടിക്കുക.
പിന്നീട് ചിത്രങ്ങൾക്ക് നിറം കൊടുക്കുക.





### ഗൃഹപാഠം

ഈ ആഴ്ചത്തെ അസൈന്മെന്റ് നിങ്ങൾ ദൈവത്തിൽ നിന്നും മറ്റുള്ളവരിൽ നിന്നും മറച്ചുവച്ച കാര്യങ്ങളും അവ എന്തുകൊണ്ട് മറച്ചുവെച്ചു എന്നും എഴുതുക എന്നതാണ്. അത് നിങ്ങളെ എങ്ങനെ ബാധിച്ചു എന്നു ചിന്തിക്കുക. ദൈവവുമായുള്ള കൂട്ടായ്മയെ ബാധിക്കുന്നെങ്കിൽ അത് നല്ല കാര്യം അല്ല. എന്നാൽ ഹായിയിലെപ്പോലെ അത് നിങ്ങളുടെ ക്ലാസ്സിലുള്ളവരെയും യേശുവിനെ അനുഗമിക്കുന്ന ആളുകളേയും ബാധിക്കും‍ൻ ചില കാര്യങ്ങൾ അത് വ്യക്തമാക്കാൻ കഴിയില്ല; എന്നാൽ അവ പ്രയോജനം ഉള്ളതും, സന്തോഷം ഉളവാക്കുന്നതും ഒരു ഗ്രൂപ്പായി താല്പര്യം ഉളവാക്കുന്ന അത്ര സൌഹൃദപരമല്ല. നിങ്ങൾക്കറിയാം എന്താണ് ചെയ്യരുതെന്ന്. ആ പാപം യേശുവിനോടോ മാതാപിതാക്കളോടോ വിശ്വസിക്കാവുന്ന അദ്ധ്യാപകനോടോ പാസ്റ്ററോടോ ഏറ്റു പറയുക. ദൈവത്തോട് ക്ഷമക്കായി അപേക്ഷിച്ച അവന്റെ പാപക്ഷമമൂലം ഉണ്ടാകുന്ന വ്യത്യാസം ശ്രദ്ധിക്കുക.




Heroes 1 Easy
Malayalam
11911

www.Childrenareimportant.com
pedidos@losninoscuentan.com
México: 01-800-839-1009 01-592-924-9041
Guatemala: pedidosguate@losninoscuentan.com
Venezuela: pedidosvenezuela@losninoscuentan.com

കുട്ടികൾ പ്രാധാന്യമുള്ളവർ